# സംസ്ഥാന പരിസ്ഥിതി പുരസ്ക്കാരം - മാർഗരേഖ

കേരള ഗവൺമെന്റിന്റെ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് പരിസ്ഥിതി സംരക്ഷണ രംഗത്ത് പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്ന വ്യക്തികളെയും സംഘടനകളെയും മാധ്യമ പ്രവർത്തകരെയും ഗവേഷകരെയും അംഗീകരിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള പുരസ്ക്കാരമാണ് സംസ്ഥാന പരിസ്ഥിതി പുരസ്ക്കാരം.

വിവിധ വിഭാഗങ്ങളിലായി 5 അവാർഡുകളാണ് നൽകുക. ഇതിൽ 4 എണ്ണം വ്യക്തിഗത അവാർഡുകളും, 1 എണ്ണം സംഘടനകൾക്കുമുള്ളതാണ്. പരിസ്ഥിതി സംരക്ഷകൻ, പത്രപ്രവർത്തകൻ, ദൃശ്യ മാധ്യമ പ്രവർത്തകൻ, പരിസ്ഥിതിയുമായി ബന്ധപ്പെട്ട മികച്ച ഗവേഷകൻ, പരിസ്ഥിതി പ്രവർത്തന സംഘടന എന്നീ മേഖലകളിലെ അവാർഡുകൾക്ക് 50,000/- രൂപയും പ്രശസ്തി പത്രവും ഫലകവും ആണ് പുരസ്ക്കാരമായി നൽകുക.

**പുരസ്ക്കാരങ്ങളെ സംബന്ധിച്ച മാനദണ്ഡങ്ങൾ**

- വ്യക്തിഗത പുരസ്ക്കാരങ്ങൾക്ക് പരിഗണിക്കുന്നത് ഇന്ത്യൻ പൗരത്വമുള്ളവരും കേരളത്തിൽ സ്ഥിര താമസക്കാരുമായ 18 വയസ്സിനുമേൽ പ്രായമുള്ള വ്യക്തികളെ മാത്രമായിരിക്കും. കേരളത്തിൽ പ്രവർത്തിക്കുന്ന സംഘടനകളെയായിരിക്കും സംഘടനാ പുരസ്ക്കാരങ്ങൾക്ക് പരിഗണിക്കുക.
- സ്വന്തമായോ മറ്റൊരാളുടെ നോമിനേഷൻ വഴിയോ അപേക്ഷകൾ സമർപ്പിക്കാം. പരിസ്ഥിതി/ സംരക്ഷണ പ്രവർത്തനങ്ങൾ ലാഭേച്ഛ കൂടാതെ (വാണിജ്യാടിസ്ഥാനത്തിലല്ലാതെ) നിർവഹിക്കുന്നവർക്കായിരിക്കും അവാർഡിന് അർഹതയുണ്ടാവുക.
- തെരെഞ്ഞെടുക്കുന്ന ജഡ്ജിങ്ങ് കമ്മിറ്റിയായിരിക്കും അവാർഡുകൾ നിർണയിക്കുക. ജഡ്ജിങ്ങ് കമ്മിറ്റിയിൽ മൂന്ന് പ്രഗത്ഭ ശാസ്ത്രജ്ഞൻമാർ അംഗങ്ങളായിരിക്കും.

- നിർദ്ദേശിക്കുന്ന വ്യക്തി / സംഘടന അവാർഡിന് പരിഗണിക്കപ്പെടാൻ അർഹതയുള്ളവരുടെ പ്രവർത്തനങ്ങൾ ചുരുക്കി രണ്ട് പേജിൽ കവ യാതെ ടൈപ്പ് ചെയ്ത് അപേക്ഷയോടൊപ്പം നൽകണം. കൂടാതെ വീഡിയോ സി.ഡികൾ, പത്ര റിപ്പോർട്ടുകളുടെ പകർപ്പ്, ലഭിച്ച പുരസ്ക്കാ രങ്ങളുടെ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് എന്നിവയും വ്യക്തിയുടെ / സംഘടനയുടെ പ്രവർത്തനങ്ങൾ നേരിൽക്കണ്ട് ബോധ്യമുള്ള രണ്ട് പ്രമുഖ വ്യക്തികളുടെ മേൽവിലാസവും ഫോൺ നമ്പറും അപേക്ഷയോ ടൊപ്പം സമർപ്പിക്കേണ്ടതാണ്. ഇങ്ങനെ സമർപ്പിക്കുന്ന അപേക്ഷകളിലോ അനുബന്ധങ്ങളിലോ എന്തെങ്കിലും തെറ്റായ വിവരങ്ങൾ നൽകിയതായി പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ജഡ്ജിങ്ങ് കമ്മിറ്റിക്ക് ബോധ്യപ്പെട്ടാൽ അപേക്ഷകൾ നിരസിക്കുന്നതാണ്. അവാർഡ് നിർണ യത്തെ സംബന്ധിക്കുന്ന അന്തിമ തീരുമാനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിൽ നിക്ഷിപ്തമായിരിക്കും. അവാർഡിനായി സമർപ്പി ക്കുന്ന രേഖകൾ (ബുക്കുകൾ, സി.ഡി.കൾ, ഫോട്ടോഗ്രാഫുകൾ തുടങ്ങി യവ) പരിശോധനയ്ക്കായി ഉപയോഗിക്കേണ്ടതും, രേഖകളായി സൂക്ഷി ക്കേണ്ടതുമായതിനാൽ തിരികെ നൽകുന്നതല്ല.

- ഏതെങ്കിലും വിഭാഗത്തിൽ രണ്ട് നോമിനേഷനുകൾ തുല്യമായ സംഭാവ നകൾ നൽകിയിട്ടുള്ളതായി അവാർഡ് കമ്മിറ്റി കണ്ടെത്തി പേരുകൾ നിർദ്ദേശിച്ചാൽ അവാർഡ് തുക തുല്യമായി വീതിച്ചു കൊടുക്കുന്നതാണ്. ഏതെങ്കിലും വിഭാഗത്തിൽ അവാർഡിന് പരിഗണിക്കത്തക്ക മേന്മകളുള്ള അപേക്ഷകൾ ഇല്ലെങ്കിൽ ആ വിഭാഗത്തിൽ നൽകുന്ന അവാർഡ് ആ വർഷം നൽകുന്നതല്ല.
- മേൽപ്പറഞ്ഞ പുരസ്ക്കാരങ്ങൾക്കെല്ലം പരിസ്ഥിതി സംരക്ഷണ രംഗത്തെ ആജീവനാന്ത പ്രവർത്തനങ്ങൾ ആണ് പരിഗണിക്കുന്നതെങ്കിലും അവാർഡ് നൽകുന്ന വർഷത്തിലെ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്നതാണ്.

MUHAMMED ANZARI
Administrative Officer
(Deputy Secretary to Govt.)
Directorate of Environment & Climate Change

## വ്യക്തിഗത പുരസ്ക്കാരങ്ങൾ

### 1 പരിസ്ഥിതി സംരക്ഷകൻ

കാട്, ജലാശയങ്ങൾ, തണ്ണീർത്തടങ്ങൾ, കണ്ടൽക്കാടുകൾ, കൊറ്റില്ലങ്ങൾ തുടങ്ങിയ പ്രകൃതി സമ്പത്തുകളെ സംരക്ഷിക്കുകയോ ഇത്തരം പ്രകൃതി സമ്പത്തുകൾ സ്വയമേവ രൂപപ്പെടുത്തി ലാദ്വേച്ഛ കൂടാതെ സംരക്ടിക്കുകയോ ചെയ്യുന്നവരെ ആയിരിക്കും പരിസ്ഥിതി സംരക്ഷകൻ എന്ന വിഭാഗത്തിൽ പരിഗണിക്കുക. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രായോഗിക തലത്തിൽ നടത്താതെ പ്രചാരണത്തിൽ മാത്രം ഏർപ്പെട്ടിരിക്കുന്നവരെ ഈ അവാർഡിന് പരിഗണിക്കുന്നതല്ല.

### 2 പത്രപ്രവർത്തന മികവിനുള്ള പുരസ്ക്കാരം (അച്ചടി മാധ്യമം - ഇംഗ്ലീഷ് & മലയാളം)

തൊഴിൽ പരമായി പരിസ്ഥിതി മേഖലയും ഉൾപ്പെടുത്തി പത്രപ്രവർത്തനം നടത്തുന്നവരെ ഈ അവാർഡിനായി പരിഗണിക്കുന്നതാണ്. അപേക്ഷയോടൊപ്പം നടപ്പുവർഷം അപേക്ഷകൻ പ്രസിദ്ധീകരിച്ചപരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട ലേഖനങ്ങൾ, ഫീച്ചറുകൾ, പംക്തികൾ എന്നിവയുടെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കണം. ഈ മേഖലയിൽ ഒരു വ്യക്തിയുടെ ആജീവനാന്ത പ്രവർത്തനങ്ങളാണ് പരിഗണിക്കുന്നതെങ്കിലും നടപ്പു വർഷം പ്രസിദ്ധീകരിച്ചവയ്ക്ക് മുൻഗണന നൽകും.

### 3 മികച്ച മാധ്യമ പ്രവർത്തകൻ (ദൃശ്യ മാധ്യമം)

കേരളത്തിൽ നിന്നുള്ള ദൃശ്യ മാധ്യമ പ്രവർത്തകരെയാണ് ഈ അവാർഡിനായി പരിഗണിക്കുക. ദൃശ്യ മാധ്യമങ്ങൾ വഴി അവാർഡ് വർഷത്തിൽ സംപ്രേഷണം ചെയ്ത പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട വീഡിയോ, ഡോക്യുമെന്ററികൾ, പരമ്പരകൾ, ഷോർട്ട് ഫിലിമുകൾ, ദൃശ്യ മാധ്യമ റിപ്പോർട്ടുകൾ എന്നിവ ഇതിനായി പരിഗണിക്കും.

4. **പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട മികച്ച ഗവേഷകനുള്ള പുരസ്ക്കാരം**

പരിസ്ഥിതി സംരക്ഷണവും കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് ഗവേഷണം നടത്തുകയും സാമാന്യ ജനങ്ങളുടെ ജീവിതത്തിന് ഉന്നമനം ഉണ്ടാകുന്ന ഗവേഷണ ഫലങ്ങൾ ഉരുത്തിരിച്ചെടുക്കുകയും ചെയ്യുന്നവർക്കാണ് ഈ പുരസ്ക്കാരം നൽകുന്നത്. ഈ പുരസ്ക്കാരം കേരളത്തിലുള്ള ഗവേഷകർക്കായി പരിമിതപ്പെടുത്തിയിരിക്കുന്നു.

5 **പരിസ്ഥിതി സംരക്ഷണ സംഘടനകൾ (എൻ.ജി.ഒ)**

പരിസ്ഥിതി സംരക്ഷണ രംഗത്ത് മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സർക്കാർ ഇതര സംഘടനകളെയാണ് ഈ രംഗത്ത് പരിഗണിക്കുക. ഇതു സംബന്ധിച്ച രേഖയുടെ പകർപ്പ് അപേക്ഷയ്ക്കൊപ്പം ഹാജരാക്കണം. ഈ സംഘടനകൾ കേരളത്തിനുള്ളിൽ പ്രവർത്തിക്കുന്നവയായിരിക്കണം. പ്രാദേശികവും സംസ്ഥാനത്തെ ഒട്ടാകെ ബാധിക്കുന്നതുമായ പാരിസ്ഥിതിക പ്രശ്നങ്ങളിലെ ഇടപെടലുകൾ, പതിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം, പരിസ്ഥിതി സംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവയെ മാനദണ്ഡമാക്കിയായിരിക്കും അവാർഡ് നിർണയിക്കുക. സംഘടനയുടെ പേരിലായിരിക്കും അവാർഡ് തുക നൽകുക.

MUHAMMED ANZARI
Administrative Officer
(Deputy Secretary to Govt.)
Directorate of Environment & Climate Change

Affix a passport size photo

## Department of Environment and Climate Change

(പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ്)

"പരിസ്ഥിതി മിത്രം അവാർഡ് - 2016"

| | | | | |
|---|---|---|---|---|
| 1 | Name, address, phone number and Email ID of the nominee (നിർദ്ദേശിക്കപ്പെട്ടയാളുടെ പേര്, വിലാസം, ഫോൺ നമ്പർ, ഇമെയിൽ ഐഡി) | | | |
| 2 | Category of award (പുരസ്കാരത്തിന്റെ വിഭാഗം) | | | |
| 3 | Male (പുരുഷൻ) | Female (സ്ത്രീ) | Age (പ്രായം) | Date of birth (ജനിച്ച തീയതി) |
| 4 | Name and address of the proposer (നിർദ്ദേശകന്റെ പേര് വിലാസം | | | |
| 5 | Statement / letter from proposer (നിർദ്ദേശകനിൽ നിന്നുമുള്ള പ്രസ്താവന/കത്ത് | | | Attached/not attached (അറ്റാച്ച് ചെയ്തിട്ടുണ്ട്/ഇല്ല) |
| 6 | Relevant information of the following to show the life time Achievements (ജീവിതത്തിലെ നേട്ടങ്ങൾ കാണിക്കുന്നതിന് ഇനി പറയുന്നവയെ കുറിച്ചുള്ള പ്രസക്തമായ വിവരങ്ങൾ) | | | |
| | 1.News paper reports (പത്രവാർത്തകൾ) | | | Attached/not attached (അറ്റാച്ച് ചെയ്തിട്ടുണ്ട്/ഇല്ല) |
| | 2.Publications (പ്രസിദ്ധീകരണങ്ങൾ) | | | Attached/not attached (അറ്റാച്ച് ചെയ്തിട്ടുണ്ട്/ഇല്ല) |
| | 3.Photos (ഫോട്ടോകൾ) | | | Attached/not attached (അറ്റാച്ച് ചെയ്തിട്ടുണ്ട്/ഇല്ല) |
| | 4.CD | | | Attached/not attached (അറ്റാച്ച് ചെയ്തിട്ടുണ്ട്/ഇല്ല) |

| | | |
|---|---|---|
| 7 | Biography in brief<br>(ജീവചരിത്രം ചുരുക്കത്തിൽ) | Attached/not attached<br>(അറ്റാച്ച് ചെയ്തിട്ടുണ്ട്/ഇല്ല) |
| 8 | Awards received, if any<br>(പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിൽ ) | 1.<br>2.<br>3. |
| 9 | Two references with Address<br>( രണ്ട് മദ്ധ്യസ്ഥരുടെ മേൽ വിലാസം) | 1.<br>2. |
| 10 | Any other information<br>(മറ്റു വിവരങ്ങൾ) | |

Note: All the above documents should be arranged in the same order as given in the Performa and tagged. (മുകളിൽ പറഞ്ഞിരിക്കുന്ന രേഖകൾ അതെ ക്രമത്തിൽ ചേർക്കുക.)

Date: Signature